# കേരള സർവകലാശാല

നം.പി.ആർ.22/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2019 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ 138 2 (b) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ 2020 ഫെബ്രുവരി 4 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

എട്ടാം സെമസ്റ്റർ ബി.ടെക് ഡിഗ്രി പരീക്ഷ – നവംബർ 2019 (2008 സ്കീം) ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സിസ്റ്റംസ് ആന്റ് കൺട്രോൾ ലാബ് 2020 ജനുവരി 31 ന് സെന്റ്.തോമസ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ് ആന്റ് ടെക്നോളജി, കാട്ടായിക്കോണത്ത് വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാതീയതി

നാലാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് ആന്റ് സ്കൾപ്പ്ച്ചർ) പരീക്ഷകൾ 2020 ഫെബ്രുവരി 10 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### അപേക്ഷ സ്വീകരിക്കുന്നു

സർവകലാശാല 2020 വർഷത്തെ പിഎച്.ഡി എൻട്രൻസ് പരീക്ഷയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ 2020 ജനുവരി 30 മുതൽ ഫെബ്രുവരി 29 വൈകുന്നേരം 5 മണി വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും 2020 മാർച്ച് 10 ന് വൈകുന്നേരം 5 മണിക്ക് മുമ്പായി സർവകലാശാലയിൽ എത്തിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് www.research.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

സർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (യു.ഐ.എം) എം.ബി.എ (ഫുൾടൈം) കോഴ്സിലേക്കുള്ള 2020 – 21 വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നു. അവസാന തീയതി 2020 മേയ് 20 വൈകിട്ട് 5 മണി. വിശദവിവരങ്ങൾക്ക് www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## പരീക്ഷാഫലം

കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് 2019 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്. ഡബ്ല്യൂ (315) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2020 ഫെബ്രുവരി 7 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ (സി.ബി.സി.എസ്) 2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2016, 2015, 2014, 2013 അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി 2020 ഫെബ്രുവരി 7.

2019 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.വോക് സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് (2018 അഡ്മിഷൻ – റെഗുലർ, 2017 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2016, 2015, 2014 അഡ്മിഷൻ – സപ്ലിമെന്ററി) ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (2018 അഡ്മിഷൻ – റെഗുലർ, 2017 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2016, 2015, 2014 അഡ്മിഷൻ – സപ്ലിമെന്ററി) കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2020 ഫെബ്രുവരി 7 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 നവംബറിൽ നടത്തിയ ബി.കോം (ആന്വൽ കോഴ്സ് – 1996 സ്കീം മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഫ്ലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി 2020 ഫെബ്രുവരി 11. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## തീയതി നീട്ടി

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രവും മെഡിക്കൽ കോളേജിലെ സി.ഡി.സിയും സംയുക്തമായി നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ ചൈൽഡ്, അഡോളസെന്റ് ആന്റ് ഫാമിലി കൗൺസിലിംഗ് കോഴ്സിന് ഫെബ്രുവരി 29 വരെ അപേക്ഷിക്കാം. യോഗ്യത: അംഗീകൃത ബിരുദാനന്തര ബിരുദം/എം.എ സൈക്കോളജി/സോഷ്യോളജി/ആന്ത്രപ്പോളജി/എം.എസ്.ഡബ്ല്യൂ/എം.എസ്.സി ചൈൽഡ് ഡെവലപ്പ്മെന്റ്/ബി.എസ്.സി നേഴ്സിംഗ്/പി.ജി.ഡി.സി.സി.ഡി/ഡി.സി.സി.ഡി യും ഡിഗ്രിയും ഫീസ്: 18000/- രൂപ. വിശദവിവരങ്ങൾക്ക്: 0471 – 2302523

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രവും മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററും സംയുക്തമായി നടത്തുന്ന ഒരു വർഷത്തെ പി.ജി ഡിപ്ലോമ ഇൻ ഹെൽത്ത് സയൻസ് റിസർച്ച് കോഴ്സിന് ഫെബ്രുവരി 29 വരെ അപേക്ഷിക്കാം. യോഗ്യത: എം.ബി.ബി.എസ്/ബി.എച്ച്.എം.എസ്/ബി.എ.എം.എസ്/ബി.വി.എസ്.സി/ബി.ഡി.എസ്/ബി.എസ്.സി നേഴ്സിംഗ്/ബി.ഫാം/ബി.എസ്.എം.എസ്/ബി.എസ്.സി – എം.എൽ.ടി – കേരള സർവകലാശാല അംഗീകരിച്ചത്. ക്ലാസുകൾ മെഡിക്കൽ കോളേജ് സി.ഡി.സിൽ വെച്ച് നടത്തുന്നതാണ്. ഫീസ്: ഡിഡി – 18000/- രൂപ. (9000 രൂപ ഡിഡി. സി.എ.സി.ഇ.ഇ ഡയറക്ടറുടെ പേരിലും 9000 രൂപ ഡിഡി സി.ഡി.സി ഡയറക്ടറുടെ പേരിലും) അപേക്ഷാഫീസ്: 500 രൂപ. വിശദവിവരങ്ങൾക്ക്: 0471 – 230253, 0471 – 2553540

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
29.01.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098